(സി) ഈ പദ്ധതികളിൻമേൽ കേന്ദ്ര ഗവൺമെന്റ് ഇതുവരെ എന്തു തീരുമാനമാണ് എടുത്തിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ?

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ വി.സി. കബീർ) :

(എ) ലോകബാങ്കിന്റെ സാമ്പത്തിക സഹായത്തോടെ ഇന്ത്യയിലെ ഏതാനും സംസ്ഥാനങ്ങളിൽ നടപ്പാക്കുന്ന ആരോഗ്യ വ്യവസ്ഥാ പദ്ധതിയിൽ കേരളത്തേയും ഉൾപ്പെടുത്തുന്നതിനായി സംസ്ഥാനത്തെ ദ്വിതീയതല ആശുപത്രികളുടെ സമഗ്രവികസനം ലക്ഷ്യമാക്കി ഒരു പ്രോജക്ട് കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിരുന്നു.

(ബി) 423.65 കോടി രൂപ മതിപ്പു ചെലവിൽ ദ്വിതീയതല ആശുപത്രികളിൽ വിദഗ്ദ്ധ ചികിത്സ ലഭ്യമാക്കുന്നതിനാവശ്യമായ കെട്ടിട നിർമ്മാണം, ചികിത്സാ സാമഗ്രികൾ ലഭ്യമാക്കൽ, ആവശ്യമായ ജീവനക്കാരെ നിയമിക്കുക, ജീവനക്കാർക്ക് വിദഗ്ദ്ധ പരിശീലനം ലഭ്യമാക്കുക, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് പ്രത്യേക പദ്ധതികൾ എന്നീ വികസന പ്രവർത്തനങ്ങളാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യം വെച്ചിട്ടുള്ളത്.

(സി) പദ്ധതിക്ക് അംഗീകാരം ലഭിക്കുന്നതിനായി ഉദ്യോഗസ്ഥതലത്തിലും മന്ത്രിതലത്തിലും സംസ്ഥാന സർക്കാർ കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തിയതിന്റെ ഫലമായി പ്രോജക്ട് റിപ്പോർട്ട് വിദഗ്ദ്ധ സംഘത്തെക്കൊണ്ട് കേന്ദ്ര സർക്കാർ വിലയിരുത്തുകയും അതനുസരിച്ച് ഈ പ്രോജക്ട് റിപ്പോർട്ടിൽ ചില ഭേദഗതികൾ വരുത്തി വീണ്ടും സമർപ്പിക്കാൻ കേന്ദ്ര സർക്കാർ ആവശ്യപ്പെട്ടിരിക്കുകയാണ്. ഇക്കാര്യത്തിൽ നടപടികൾ എടുത്തുവരുന്നു.

16 (*465) ഉപയോഗശൂന്യമായ റേഷൻ അരി

ശ്രീ. വി.കെ. ചന്ദ്രൻ :

ശ്രീ. ജോൺ ഫെർണാണ്ടസ് :

ശ്രീ. പി. രാഘവൻ :

ശ്രീ. എൻ. കണ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദ സഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് വിതരണം ചെയ്യാൻ ഈയിടെ കേന്ദ്ര സർക്കാർ അനുവദിച്ച റേഷൻ അരിയെ സംബന്ധിച്ച് എന്തെങ്കിലും ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച് സർക്കാർ അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് വിതരണം ചെയ്യാനായി അനുവദിച്ച റേഷനരി ഉപയോഗശൂന്യമെന്ന് സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷൻ അഭിപ്രായപ്പെട്ടിരുന്നുവോ;

(ഡി) പ്രസ്തുത അരി വിതരണം ചെയ്യുന്നതിനെ സംബന്ധിച്ച് സർക്കാർ തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഇ) എറണാകുളം കടവന്ത്ര, കൊച്ചി, തൃപ്പൂണിത്തുറ, തിരുവനന്തപുരം എന്നീ മേഖലകളിലെ വിതരണത്തിനായി രണ്ട് മാസം മുൻപ് അനുവദി

LIBRARY ARCHIVES Kerala Legislative Assembly

ച്ചിരുന്ന റേഷൻ അരി സംബന്ധിച്ചും ആക്ഷേപം ഉണ്ടായിരുന്നതായി അറിവുണ്ടോ;

(എഫ്) എങ്കിൽ പ്രസ്തുത മേഖലകളിലെ വിതരണത്തിനായി അനുവദിച്ചിരുന്ന റേഷൻ അരിയുടെ സ്റ്റോക്ക് സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ പരിശോധനയ്ക്ക് വിധേയമാക്കിയിരുന്നോ;

(ജി) എങ്കിൽ പരിശോധനയിൽ ബോദ്ധ്യമായ അപാകതകൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(എച്ച്) കഴിഞ്ഞ മൂന്ന് മാസത്തിനകം സംസ്ഥാനത്ത് എത്ര ക്വിന്റൽ റേഷനരി ഉപയോഗശൂന്യമാണെന്ന് സിവിൽ സപ്ലൈസ് കോർപ്പറേഷൻ കണ്ടു പിടിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ഐ) ഉപയോഗശൂന്യമായ റേഷനരി നശിപ്പിക്കുന്നതിന് സിവിൽ സപ്ലൈസ് കോർപ്പറേഷൻ സർക്കാരിന്റെ അനുമതി തേടിയിട്ടുണ്ടോ;

(ജെ) ഇതു സംബന്ധിച്ച് സർക്കാർ തീരുമാനം എന്തെന്ന് വെളിപ്പെടുത്തുമോ;

(കെ) ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് മെച്ചപ്പെട്ട അരി അനുവദിക്കാൻ കേന്ദ്രത്തോട് ആവശ്യപ്പെടുമോ?

ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) :

(എ) ഉണ്ട്.

(ബി)(സി)&(ഡി) ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് വിതരണം ചെയ്യുന്നതിനായി കേന്ദ്രത്തിൽനിന്നും ലഭിക്കുന്ന കോമൺ അരി പൊതുവെ ഗുണമേന്മ കുറഞ്ഞതാണെന്ന പരാതി ചിലപ്പോഴൊക്കെ സർക്കാരിന് ലഭിക്കാറുണ്ട്. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്കനുവദിച്ച റേഷനരി ഉപയോഗ്യമല്ലെന്ന് സിവിൽ സപ്ലൈസ് കോർപ്പറേഷൻ അഭിപ്രായപ്പെട്ടതിനെത്തുടർന്ന്, അന്വേഷണം നടത്തി പ്രസ്തുത അരി വിതരണം നടത്തരുതെന്ന് നിർദ്ദേശിക്കുകയുണ്ടായി.

(ഇ)&(എഫ്) എറണാകുളം, കടവന്ത്ര, കൊച്ചി, തൃപ്പൂണിത്തുറ എന്നിവിടങ്ങളിൽ രണ്ടുമാസം മുൻപ് വിതരണം നടത്തിയ അരിയെ സംബന്ധിച്ച് പരാതി ഉണ്ടായതിനെത്തുടർന്ന് സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ക്വാളിറ്റി വിഭാഗത്തെക്കൊണ്ട് പരിശോധന നടത്തിയതിൽ 399 ക്വിന്റൽ അരി ഭക്ഷ്യയോഗ്യമല്ല എന്ന് കണ്ടതിനാൽ അത് വിതരണം നടത്തുന്നത് ഒഴിവാക്കുകയും പകരം ഗുണമേന്മയുള്ള അരി വിതരണം നടത്തുകയും ചെയ്തു. ഇക്കാര്യം കേന്ദ്ര പൊതുവിതരണ വകുപ്പ് മന്ത്രിയുടെ ശ്രദ്ധയിൽക്കൊണ്ടുവരികയും ഗുണമേന്മയുള്ള അരി മാത്രമേ കേരളത്തിനു നൽകാവൂ എന്ന് ശക്തിയായി ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്തുനിന്നുമുള്ള പാർലമെന്റ് അംഗങ്ങൾക്ക് ഇതേപ്പറ്റി കത്തുകൾ അയച്ചിട്ടുണ്ട്.

(ജി) എറണാകുളം റീജിയണൽ അനാലിറ്റിക്കൽ ലാബിൽ നടത്തിയ പരിശോധനയിൽ പ്രസ്തുത സ്റ്റോക്ക് 1955-ലെ പ്രിവെൻഷൻ ഓഫ് ഫുഡ് അഡൾട്രേഷൻ ആക്റ്റ് അനുസരിച്ച് ഭക്ഷ്യയോഗ്യമാല്ലായെന്ന് കാണുകയുണ്ടായി.

(എച്ച്) 399 ക്വിന്റൽ.

LIBRARY ARCHIVES Kerala Legislative Assembly

(ഐ) ഇല്ല. എന്നാൽ ഉപയോഗശൂന്യമായ റേഷനരിയുടെ വില കോർപ്പറേഷന്റെ കണക്കുകളിൽനിന്നും എഴുതിത്തള്ളണമെന്ന് സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

(ജെ) ഇത് പരിശോധിച്ചുവരികയാണ്.

(കെ) ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് വിതരണം ചെയ്യുന്നതിന് ഗുണനിലവാരമുള്ള അരി മാത്രം നൽകുവാനും ഗുണനിലവാരമില്ലാത്ത അരി എവിടെയെങ്കിലും നൽകിയിട്ടുണ്ടെങ്കിൽ അത് തിരിച്ചെടുക്കാനും എഫ്. സി.ഐ. യോട് നിർദ്ദേശിക്കാൻ കേന്ദ്ര സർക്കാരിനോടേ ആവശ്യപ്പെട്ടിട്ടുണ്ട്.

17 (*466) ടൂറിസം മാസ്റ്റർ പ്ലാൻ

ശ്രീ. കെ.എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിന് അനുയോജ്യമായ ഒരു ടൂറിസം മാസ്റ്റർ പ്ലാനിന് സർക്കാർ രൂപം നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതികൾക്ക് ലോക ബാങ്ക് സഹായം ലഭ്യമായിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ?

ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) :

(എ)&(ബി) സംസ്ഥാനത്തൊട്ടാകെയുള്ള ടൂറിസ്റ്റ് കേന്ദ്രങ്ങളെയെല്ലാം ബന്ധിപ്പിച്ചുകൊണ്ടുള്ള ഒരൊറ്റ മാസ്റ്റർ പ്ലാൻ നിലവിലില്ല. 1996-ൽ ഒരു മാസ്റ്റർ പ്ലാൻ തയാറാക്കുന്നതിനായി വിദഗ്ദ്ധ ഏജൻസികളുമായി ചർച്ച നടത്തുകയുണ്ടായി. മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനായി ഭീമമായ തുകയാണ് ഫീസ് ഇനത്തിൽ അവർ ആവശ്യപ്പെട്ടത്. പദ്ധതികളുടെ നടത്തിപ്പിനായുള്ള ബജറ്റിലെ ഗണ്യമായ ഭാഗവും ഫീസ് ഇനത്തിൽ ചെലവാക്കുക എന്നത് നല്ല കീഴ്വഴക്കമല്ലാത്തതിനാൽ അത് അംഗീകരിക്കുകയുണ്ടായില്ല. സംസ്ഥാന ടൗൺ പ്ലാനിംഗ് വകുപ്പുമായി ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്ന കാര്യം ആലോചിച്ചുവരികയാണ്. ഇതിനായി കാത്തിരിക്കാതെതന്നെ സംസ്ഥാനത്തൊട്ടാകെ അതതു പ്രദേശത്തിന്റെ പ്രാധാന്യവും സാധ്യതകളും കണക്കിലെടുത്ത് അനുയോജ്യമായ വികസന പ്രവർത്തനങ്ങൾ ആസൂത്രണംചെയ്ത് അവ നടപ്പിലാക്കിവരികയാണ്. ഈ രംഗത്തെ ഏറ്റവും മികച്ച പ്രവർത്തനങ്ങൾക്കുള്ള കേന്ദ്ര ഗവൺമെന്റിന്റെ കഴിഞ്ഞ സാമ്പത്തിക വർഷത്തേയ്ക്കുള്ള അവാർഡ് കേരളത്തിനാണ് ലഭിച്ചത് എന്ന കാര്യവും പ്രത്യേകം പ്രസ്താവ്യമാണ്.

18 (*467) വൃദ്ധജന സംരക്ഷണം

ശ്രീ. കെ. അച്ചുതൻ :
ശ്രീ. കെ.സി. ജോസഫ് :
ശ്രീ. വി. ബാലറാം :
ശ്രീ. കെ.പി. വിശ്വനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ വൃദ്ധരുടെ സംഖ്യ വർദ്ധിച്ചുവരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly